**• കെ.ആർ. ഇന്ദിര**

# വിനയ പറയുന്നത്....

**വയനാട് അമ്പലവയൽ പോലീസ് സ്റ്റേഷനിലെ കോൺസ്റ്റബിളായ എ.എൻ. വിനയയെ സർവ്വീസിൽനിന്ന് പുറത്താക്കിയിരിക്കുകയാണല്ലോ. ഈ ജനാധിപത്യവിരുദ്ധ നടപടിയ്ക്ക് എതിരായി അതിശക്തമായ ജനകീയ പ്രതിരോധം ഉയർന്നു വരേണ്ടതുണ്ട്.**

**അ**ത്‌ലറ്റിക്ക് ട്രാക്കിൽ മലർന്നുകിടന്ന് പ്രതിഷേധം പ്രകടിപ്പിച്ചത് വിനയ എന്ന പെൺപോലീസിന് പകരം ഒരാൺ പോലീസായിരുന്നെങ്കിൽ മേലാധികാരികൾ കർശനമായ നിലപാട് സ്വീകരിക്കുമായിരുന്നോ?

ഉവ്വ്.

കാരണം കർശനമായ അച്ചടക്കം നിഷ്ക്കരുണം പിടിച്ചു പറ്റുന്നവരാണ് പോലീസ് ഉദ്യോഗസ്ഥർ. റിസർവ് പോലീസ് ക്യാമ്പുകളിൽ ബോധമറ്റു വീഴുകയും ഹാർട്ട് അറ്റാക്ക് വന്ന് മരിക്കുകയും ആത്മഹത്യ ചെയ്യുകയും ചെയ്യുന്ന പുരുഷന്മാരായ പോലീസുകാർ തന്നെ തെളിവ്.

സീനിയർ പോലീസ് ഓഫീസർമാർ, അഴിമതിയും മറ്റ് വിവിധ കുറ്റകൃത്യങ്ങളും ചെയ്തിട്ടും ശിക്ഷിക്കപ്പെടുന്നില്ല. മാത്രമല്ല സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. അധികാര സ്ഥാനങ്ങളിൽ ഞെളിഞ്ഞിരിയ്ക്കുന്നു. മേൽക്കുമേൽ പ്രമോഷൻ നേടുന്നു. ധാരാളം സ്വത്ത് സമ്പാദിച്ചു കൂട്ടുന്നു. മേലുദ്യോഗസ്ഥന്മാർക്കും രാഷ്ട്രീയ നേതാക്കൾക്കും മറ്റ് തട്ടിപ്പുക്കാർക്കും ഇക്കാര്യത്തിൽ ഒത്താശ ചെയ്തുകൊടുക്കുന്ന താഴേക്കിട പോലീസ്കാർക്കും അവരുടെ സ്ഥാനത്തിനനുസരിച്ച വിഹിതം ലഭിക്കുന്നുണ്ട്. പെൺ പോലീസിനും ആവാം ഒത്താശ ചെയ്തു കൊടുക്കൽ. അവരുടെ കഴിവുകൾക്കനുസരിച്ച വിഹിതമോ പ്രതിഫലമോ അവർക്കും ലഭിക്കും.

ഇതാണ് നാട്ടുനടപ്പ്. നിയമപാലകർ നിയമലംഘനം നടത്തും, നിയമലംഘനത്തിന് കൂട്ടുനിൽക്കും. ഇപ്രകാരം അളിഞ്ഞു നാറിയ ഒരു വ്യവസ്ഥിതി, കൂട്ടം തെറ്റി മേയുന്നവരെ കണ്ടെത്തി കൂട്ടത്തിൽച്ചേർക്കുകയോ കാലടിച്ചൊടിയ്ക്കുകയോ വിറ്റു തുലക്കുകയോ ചെയ്യുന്നു. അതാണ് വിനയയ്ക്ക് സംഭവിച്ചത്. മറ്റു പല ഋജു ബുദ്ധികൾക്കും സംഭവിക്കുന്നത്.

പൊലീസിൽ മാത്രമല്ല, കേരളത്തിലെ ഏതൊരു സർക്കാരാഫീസിലും ഇതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. മദ്യത്തിനും പണത്തിനും മറ്റു സുഖഭോഗങ്ങൾക്കും വേണ്ടി സ്ഥാനമാനങ്ങൾ നാണമില്ലാതെ ഉപയോഗിയ്ക്കുകയും നീതിമാൻമാരെ പുകച്ചു പുറത്തു ചാടിക്കുകയും എതിർപ്പുകളെ അടിച്ചൊതുക്കുകയോ ചതിക്കുഴിയിൽ വീഴ്ത്തുകയോ ചെയ്യുന്നു. സാംസ്കാരിക സ്ഥാപനങ്ങളിൽപ്പോലും സ്ഥിതി ഭിന്നമല്ല.

ഇത് ശരിയായ നടപടിയല്ലെന്നും ശരിയായ രീതിയിൽ കാര്യങ്ങൾ നടക്കണമെന്നും മണിച്ചൻ പോലും പറയും. പക്ഷേ കാര്യങ്ങൾ അങ്ങനെ നടക്കില്ല എന്ന് മാധവിക്കുട്ടിയ്ക്കു പോലും അറിയാം. ജീർണ്ണിച്ച ഒരു ഭരണകൂടത്തിൻ കീഴിൽ ജീവിയ്ക്കുമ്പോൾ ഏത് സാധുവിനാണത് അറിയാത്തത്? ഭരണകൂടം ജീർണ്ണിക്കുമ്പോൾ അതിന്റെ അനുബന്ധഘടകങ്ങളും ജീർണ്ണത പ്രകടിപ്പിക്കുന്നു. ജീർണ്ണിച്ചത് മുറിച്ചു മാറ്റുകയാണ് ചെയ്യേണ്ടത്. ഈ സ്വാഭാവികതയ്ക്ക് വിധേയമാവാൻ സമ്മതിയ്ക്കാതെ വേതാളത്തെപ്പോലെ ജനതയുടെ തോളിൽ തലകീഴായി തൂങ്ങിക്കിടന്ന് കൽപനകൾ പുറപ്പെടുവിക്കുന്ന ഭരണകൂടമാണ് ഈ രാഷ്ട്രത്തിന്റെ സർവ്വതോന്മുഖമായ അധോഗതിയുടെ കാതൽ. ഈ അധോഗതിയുടെ ഒരു ഭാഗമാണ് ബ്യൂറോക്രസിയിലും പൊലീസ് സേനയിലും കാണുന്നത്.

അപ്പോൾ വിനയുടെ കാര്യത്തിൽ എന്താണ് പ്രത്യേകത? വിനയയ്ക്ക് വിനയം തീരെ ഇല്ല എന്നതാണത്. എതിർപ്പ് ഉന്നയിക്കുന്നതിന് അനുവദിച്ചിരിയ്ക്കുന്ന ഒരു രീതിയുണ്ട്. I humbly submit the following for your kind consideration എന്നാണ് വിയോജനക്കുറിപ്പ് എഴുതിത്തുടങ്ങുന്നത്. ഇത് ബ്രിട്ടീഷുകാർ പഠിപ്പിച്ച രീതി. തമ്പുരാക്കന്മാർ പഠിപ്പിച്ച ഇൻഡിജിനസ് രീതി വേറെ. 'അടിയൻ വെടോണ്ട് തിരുവുള്ളക്കേട് തോന്നരുത്' എന്നെല്ലാം പറഞ്ഞതിനു ശേഷം നടുവ് നല്ലപോലെ വളച്ച് നിന്നിട്ടുവേണം 'പായസത്തില് ലേശം ഉപ്പ് കൂടിപ്പോയോന്ന് പഴമനസ്സിലൊരു സംശയം' എന്ന് അവതരിപ്പിക്കാൻ.

ഈ രണ്ടു രീതികളും ചേർത്താണ് ഇവിടത്തെ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം കെട്ടിപ്പടുത്തിരിയ്ക്കുന്നത്. ആ കോട്ടയ്ക്ക് ചില ചെറിയ വിള്ളലുകൾ ഉണ്ടാക്കിയത് ഇരമ്പി വന്ന കമ്മ്യൂണിസ്റ്റ് പ്രതാപമായിരുന്നു. വി.കെ.എന്നിന്റെ ചാത്തൻസ് അതിന്റെ സൃഷ്ടിയാണ്. നെഞ്ചുവിരിച്ചു നിന്ന് സാർ ചാത്തുവിനോടും നാണ്വാരോടും കൊച്ചിത്തമ്പുരാനോടും ബ്രിട്ടീഷ് രാജ്ഞിയോടും സർവ്വോപരി ഇല്ലത്തെ നമ്പൂതിരിയോടും ആ 'ജർമ്മൻ' ബഡായി പറഞ്ഞത് കമ്മ്യൂണിസ്റ്റ് പ്രതാപത്തിന്റെ പകിട്ടിലായിരുന്നു. ഈ നെഞ്ചു വിരിച്ചുള്ള നിൽപ്പ് പക്ഷേ വർഗ്ഗശത്രുക്കളുടെ മുന്നിൽ മാത്രമേ പാർട്ടി അനുവദിച്ചിരുന്നുള്ളൂ. പാർട്ടിയ്ക്കുള്ളിൽ പൂർണ്ണ വിധേയത്വവും അനുസരണവും അനുശാസിക്കപ്പെടുന്നു. 'മിസ്റ്റർ പ്രസിഡണ്ട്' എന്ന് ലാഘവത്തോടെ രാഷ്ട്രത്തലവനെ സംബോധന ചെയ്യുന്ന അമേരിക്കൻ രീതി ആർഷഭാരതക്കാർക്കും ബ്രിട്ടീഷ് രാജഭക്തിക്കാർക്കും തീരെ പ്രിയമാവില്ല. ചുരുക്കത്തിൽ വിനയമില്ലാത്ത വിനയമാർ എവിടെയും തിരസ്ക്കരിക്കപ്പെട്ടു. അതാണ് നമ്മുടെ സാംസ്ക്കാരിക പൈതൃകം.

പ്രതികരിയ്ക്കുന്നത് സ്ത്രീയും പ്രതിപുരുഷനും ആവുമ്പോൾ പ്രശ്നം ഗുരുതരമാവുന്നു. ഗുരുതരമല്ല, ഗുരുതമം തന്നെയാവുന്നു. പെണ്ണായ ഇവളോ എന്നോട് കയർക്കാൻ എന്ന് അവന്റെ ഈഗോയും ഷോവനിസവും ചാടിപ്പുറപ്പെടുകയായി. വിനയമില്ലായ്മ പുരുഷൻ കാണിച്ചാൽ കീഴുദ്യോഗസ്ഥർ മേലുദ്യോ

ഗസ്ഥർ ദ്വന്ദ്വമേ ഉണ്ടാവുന്നുള്ളൂ. സ്ത്രീ വിനയമില്ലായ്മ കാണിക്കുമ്പോൾ സ്ത്രീ പുരുഷൻ എന്ന ദ്വന്ദ്വവും ഉണ്ടാവുന്നു. രണ്ട് വർഗ്ഗസമരം ഒരേ സമയം.

വർഗ്ഗങ്ങൾ തമ്മിലുള്ള അന്തരം കുറയുന്നതാണ് പരിഷ്കൃത ലോകം അംഗീകരിച്ചിട്ടുള്ള സംസ്ക്കാരം. ഉദ്യോഗങ്ങളിൽ, പൊതുസമൂഹത്തിൽ, കുടുംബത്തിൽ എല്ലാം. ഉദ്യോഗത്തിൽ ഓച്ഛാനിച്ച് നിൽക്കൽ അവസാനിക്കുകയും ആരോഗ്യകരമായ പ്രതിപക്ഷ ബഹുമാനം സ്വീകരിയ്ക്കപ്പെടുകയും ചെയ്യുന്നത് കീഴുദ്യോഗസ്ഥന്മാർക്ക് സംതൃപ്തിയും ആത്മബോധവും വളർത്താനുതകും. അത് പോലീസാവുമ്പോൾ അതിന്റെ പ്രത്യക്ഷഗുണം സാധാരണ പോലീസുകാരൻ നാട്ടുകാരെ മേക്കിട്ടു കേറുന്നതും ചീത്ത വിളിക്കുന്നതും അവസാനിപ്പിയ്ക്കും എന്നുള്ളതാണ്. ഇപ്പോൾ 'ഹയർആർക്കി'യിൽ ഞെരുക്കപ്പെടുന്ന കീഴ്ജീവനക്കാരൻ തന്റെ പ്രതിഷേധം പ്രയോഗിച്ച് തീർക്കുന്നത് നാട്ടുകാരുടെ മുതുകത്താണല്ലോ.

അതുപോലെ വീടിനുള്ളിൽ മേലുദ്യോഗസ്ഥനും കീഴുദ്യോഗസ്ഥയും തമ്മിലുള്ള സ്ഥാനഭേദം കുറച്ചുകൊണ്ടു വരുന്നതും കുടുംബത്തിനും സമൂഹത്തിനും ഗുണം ചെയ്യും. മേലുദ്യോഗസ്ഥൻ എന്നാൽ ഭർത്താവ് എന്നും കീഴുദ്യോഗസ്ഥൻ എന്നാൽ ഭാര്യ എന്നുമാണ് ഇവിടെ മനസ്സിലാക്കേണ്ടത്. അസമത്വത്തിന്റെയും നിന്ദയുടെയും പാഠങ്ങൾ എവിടെ നിന്ന് പഠിച്ചാലും എങ്ങനെ പഠിച്ചാലും എപ്പോൾ പഠിച്ചാലും അത് പ്രയോഗിയ്ക്കാനുള്ളതാണ്. അങ്ങനെ ചെയ്യാതിരിക്കണമെങ്കിൽ അതായത് ഈ പിഴച്ച പാഠങ്ങൾ സ്വായത്തമാക്കാതിരിയ്ക്കാനും പ്രയോഗിക്കാതിരിക്കാനും കഴിയണമെങ്കിൽ അസാമാന്യമായ നീതിബോധവും സ്ഥിത പ്രജ്ഞതയും ആവശ്യമാണ്. അറുനൂറു കോടിയിൽ ഒരു നൂറുപേർക്കേ അതുണ്ടാവൂ. ●

## രാഷ്ട്രീയതയുടെ വീണ്ടെടുപ്പ്

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ് ഇക്കോളജിക്കൽ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രീയതയുടെ വീണ്ടെടുപ്പ് (Reinventing the political) എന്ന വിഷയത്തിൽ പ്രഭാഷണങ്ങളും ചർച്ചയും സംഘടിപ്പിക്കുന്നു. ഒക്ടോബർ 2 മുതൽ 5 വരെ കാലടി സമീക്ഷയിലാണ് പരിപാടി. വിവരങ്ങൾക്ക് ശോഭ പി.വി., 0494-2401370, ജോൺസൺ എൻ.പി., 0484-2450155

● ആർ.വി.ജി. മേനോൻ

# എക്സ്പ്രസ്സ് വേ: തലതിരിയുന്ന മുൻഗണനകൾ

ആരെതിർത്താലും എക്സ്പ്രസ് വേ പദ്ധതിയുമായി മുമ്പോട്ടുപോകും എന്ന് പൊതുമരാമത്ത് മന്ത്രി പ്രസ്താവിച്ചിരിക്കുന്നു. കേരളത്തിന്റെ വികസനത്തെപ്പറ്റി ദീർഘവീക്ഷണമില്ലാത്തവരും നിക്ഷിപ്ത താൽപര്യക്കാരുമാണ് ഈ പദ്ധതിയെ എതിർക്കുന്നത് എന്ന ആരോപണവും ഉയർന്നിട്ടുണ്ട്.

മന്ത്രി പറയുന്നതിൽ കുറച്ചു കാര്യമുണ്ട്. നാളത്തെ കേരളം എങ്ങനെയായിരിക്കണമെന്നതിനെപ്പറ്റിയുള്ള സവിശേഷമായൊരു കാഴ്ചപ്പാടും വികസനത്തെപ്പറ്റിയുള്ള വ്യത്യസ്തമായൊരു സങ്കൽപവും ഈ പദ്ധതിയോടുള്ള എതിർപ്പിൽ അടങ്ങിയിട്ടുണ്ട്. പക്ഷേ, അതിനേക്കാളൊക്കെ പ്രധാനമായ വസ്തുത, വികസനത്തെപ്പറ്റി പരമ്പരാഗതമായ സങ്കൽപങ്ങൾ വച്ചുപുലർത്തുന്നവർക്കു പോലും നിർദ്ദിഷ്ട പദ്ധതിയുടെ പല അംശങ്ങളും ദഹിക്കുന്നില്ല എന്നതാണ്. ഉദാഹരണമായി, കേരളത്തിന്റെ ഇടനാട്ടിലൂടെ അഞ്ഞൂറു കിലോമീറ്റർ നീളത്തിൽ ഹൈവേയോടു ചേർന്ന് ഒരു കനാൽ കൂടി പണിയും എന്നു പറയുന്നത് ഉച്ചക്കിറുക്കാണ്. ഏതു പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലൊരു അസംബന്ധം എഴുന്നള്ളിക്കുന്നത്.

അതുപോലെത്തന്നെ, കേരളത്തിലെ വികസനത്തിന്റെ അടിസ്ഥാനം തെക്കുവടക്കുള്ള ഇരട്ട റെയിൽ പാതയും എൻ.എച്ച് 17 ഉം എൻ.എച്ച്. 47 ഉം ചേർന്നുള്ള ശൃംഖലയും അതിനുകുറുകേയുള്ള റോഡുകളുടെ വലക്കണ്ണിയും ആയിരിക്കണം എന്നത് എത്രയോ കാലമായി ഉരുത്തിരിഞ്ഞു വന്നിട്ടുള്ള ഒരു ആശയമാണ്. മുൻ റെയിൽവേ ബോർഡു ചെയർമാൻ ശ്രീ. എം.എൻ. പ്രസാദ്. നാറ്റ്പാകിലെ വിദഗ്ദർ തുടങ്ങിയവർ വളർത്തിയെടുത്ത ഈ പരിപ്രേക്ഷ്യത്തെ അട്ടിമറിക്കുന്ന എക്സ്പ്രസ് വേ സിദ്ധാന്തം എങ്ങനെ, എവിടെ നിന്ന് അവതരിച്ചു? ടോൾ പിരിവുകൊണ്ടു മാത്രം ഇതു മുതലാവില്ലെന്നും അനുബന്ധമായി റിയൽ എസ്റ്റേറ്റു വികസനം, കച്ചവടകേന്ദ്രങ്ങൾ, വിനോദശാലകൾ തുടങ്ങിയവ കൂടിയുണ്ടായാലേ പറ്റൂ എന്ന് ഇതിന്റെ വക്താക്കൾ തന്നെ ഇപ്പോഴേ സമ്മതിക്കുന്നുണ്ട്. അത്തരം കച്ചവടം ആരെങ്കിലും നടത്തുന്നുണ്ടെങ്കിൽ നടത്തിക്കോട്ടെ. അതിനുവേണ്ടി സർക്കാർ ചെലവിൽ നാട്ടുകാരുടെ ഭൂമി കയ്യേറി ഒഴിപ്പിച്ച് കൈമാറുന്നതെന്തിന്? പെട്രോളിനും ഡീസലിനും സെസ്സ് ഏർപ്പെടുത്തി നിരപരാധികളെ വലയ്ക്കുന്നതെന്തിന്? അതിനെന്തു മാൻഡേറ്റാണ് സർക്കാരിനുള്ളത്?

കേരളത്തിലെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് പലതും ചെയ്യേണ്ടതുണ്ട്. ദേശീയ പാതകളിലെ മനുഷ്യക്കുരുതികൾ അവസാനിപ്പിക്കാൻ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളുണ്ട്. നഗരങ്ങളിലെ ഗതാഗത കുരുക്കുകൾ ഒഴിവാക്കാൻ ഭാവനാപരമായ പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്. ഗ്രാമീണ റോഡുകൾ നല്ല നിലയിലാക്കേണ്ടതുണ്ട്. അതൊന്നും ചെയ്യാതെ ഇത്തരം മെഗാ പദ്ധതികളുടെ പിന്നാലെ പായുന്നത് തലതിരിഞ്ഞ മുൻഗണനയാണ്. "ചെയ്യേണ്ടതു ചെയ്യാൻ വയ്യാത്തതുകൊണ്ട് ചെയ്യാനെളുപ്പമുള്ളതു ചെയ്യുക" എന്നത് ദീർഘവീക്ഷണത്തിന്റെയോ ഉൾക്കാഴ്ചയുടെയോ ലക്ഷണമല്ല. അതിലെ അപാകതകൾ ചൂണ്ടിക്കാണിക്കുന്നവരുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നത് ഭരണാധികാരികൾക്ക് ഭൂഷണവുമല്ല. വിമർശനങ്ങൾക്കു മറുപടി പറയട്ടെ. എന്തുകൊണ്ട് ഈ പദ്ധതിക്കു മുൻഗണന കൊടുക്കുന്നു എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തട്ടെ. നക്ഷത്ര ഹോട്ടലുകളിലെ പ്രത്യേക ക്ഷണിതാക്കളുടെ മുന്നിലല്ല, സാധാരണ ജനങ്ങൾക്കു മുന്നിൽ നടക്കട്ടെ ചർച്ചകൾ.

സഹസ്രകോടികൾ എങ്ങനെയെങ്കിലും ചെലവാക്കിയാൽ വികസനമാവില്ല, ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശരിയായ മുൻഗണനകളാകണം വികസന പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശനം നൽകേണ്ടത്. ●